


Palakkad Police Action

www.facebook.com/palakkadpolice

www.twitter.com/DpcPalakkad


# ആറ്റ കിലോ കഞ്ചാവുമായി വാളയാറിൽ യുവാവ് പിടിയിൽ

ബൈക്കിൽ കടത്തുകയായിരുന്ന ആറ്റ കിലോ കഞ്ചാവുമായി ഒരാളെ ജില്ലാ ലഹരി വിരുദ്ധ സ്ക്വാഡും വാളയാർ പോലീസും സംയുക്തമായി നടത്തിയ പരിശോധനക്കിടെ വാളയാർ ടോളിൽ വെച്ച് പിടികൂടി. പെരിങ്ങോട്ട് കുറുശ്ശി, പരുത്തിപ്പുള്ളി സ്വദേശി ഹരികുമാർ വ ഃ 40 , എന്നയാളെയാണ് രഹസ്യവിവരം ലഭിച്ചതിനെത്തുടർന്ന് നടത്തിയ വാഹന പരിശോധനയിൽ പിടികൂടിയത്. പ്രതി സഞ്ചരിച്ച ബൈക്കും, കൈവശമുണ്ടായിരുന്ന കഞ്ചാവും കസ്റ്റഡിയിലെടുത്തു.



പിടിച്ചെടുത്ത കഞ്ചാവിന് ചില്ലറ വിപണിയിൽ ആറ് ലക്ഷം രൂപ വിലവരും. സംസ്ഥാന പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ ജില്ലാടിസ്ഥാനത്തിൽ രൂപീകരിച്ച ഡാൻസാഫ് സ്ക്വാഡിൻെറ നേതൃത്ത്വത്തിൽ നടത്തിവരുന്ന പ്രത്യേക ഓപ്പറേഷൻെറ ഭാഗമായാണ് പരിശോധന നടത്തി വരുന്നത്.

പാലക്കാട് ജില്ല പോലീസ് മേധാവി ശിവവിക്രം IPSൻെറ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP C.D. ശ്രീനിവാസൻെറ നേതൃത്വത്തിലാണ് പരിശോധന നടത്തിയത്. വാളയാർ സബ് ഇൻസ്പെക്ടർ സതീഷ് കുമാർ, ASI അനിൽകുമാർ, CPO മായ സുജിത്ത്, രജിത്ത്, ഷാദുലി, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ R. കിഷോർ, K. അഹമ്മദ് കബീർ, R. വിനീഷ്, R. രാജീദ്, S. ഷമീർ എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.

.....................................................................................................................................

100 POLICE STATION | 1091 WOMEN HELPLINE | 9497 900 000 MESSAGE CENTRE | 9846 100 100 HIGHWAY ALERT | 1090 CRIME STOPPER | 1098 CHILD LINE | 9846 200 100 RAILWAY ALERT